ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ് - 695 033

ഇ-മെയിൽ: secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം,
03.09.2024

നം. 2899/എം.എ.ഇ 3/2023/ലെജി.

## ലേലപരസ്യം

നിയമസഭാ സമുച്ചയത്തിലെ സെല്ലാറിൽ സൂക്ഷിച്ചിട്ടുള്ളതും ഉപയോഗശൂന്യമായതുമായ താഴെ പറയുന്ന ഫർണീച്ചറുകൾ ലേലം ചെയ്ത് വിൽക്കുന്നതിനായി താത്പര്യമുള്ള വ്യക്തികളിൽ നിന്നും മുദ്രവച്ച കവറിൽ ക്വട്ടേഷൻ ക്ഷണിക്കുന്നു.

| ക്രമനം | ഇനം | എണ്ണം |
|---|---|---|
| 1. | കസേര | 122 |
| 2. | കുഷ്യൻ സെറ്റി | 13 |
| 3. | കമ്പ്യൂട്ടർ ചെയർ | 07 |
| 4. | സ്റ്റീൽ ചെയർ | 13 |
| 5. | സ്റ്റൂൾ | 08 |
| 6. | തടി അലമാര | 02 |
| 7. | ടി.വി സ്റ്റാൻഡ് | 02 |
| 8. | സ്റ്റീൽ മേശ | 05 |
| 9. | കമ്പ്യൂട്ടർ ടേബിൾ | 05 |
| 10. | കട്ടിൽ | 26 |
| 11. | അലുമിനിയം ഷെൽഫ് | 01 |
| 12. | സ്റ്റീൽ അലമാര | 02 |
| 13. | ഡൈനിംഗ് കസേര | 08 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 10.09.2024-ന് വൈകുന്നേരം 05.00 മണിയ്ക്ക് മുൻപായി **"എസ്റ്റേറ്റ് ഓഫീസർ, നിയമസഭാ ഹോസ്റ്റൽ, തിരുവനന്തപുരം-33"** എന്ന വിലാസത്തിൽ ക്വട്ടേഷൻ ലഭ്യമാക്കേണ്ടതാണ്. ക്വട്ടേഷൻ ഉള്ളടക്കം ചെയ്യുന്ന കവറിന് പുറത്ത് **"നിയമസഭാ ഹോസ്റ്റലിലെ ഉപയോഗശൂന്യമായ ഫർണീച്ചറുകൾ ലേലംകൊള്ളുന്നതിനുള്ള ക്വട്ടേഷൻ"** എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. പ്രസ്തുത ക്വട്ടേഷനുകൾ 11.09.2024-ന് രാവിലെ 11.00 മണിയ്ക്ക് എസ്റ്റേറ്റ് ഓഫീസറുടെ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതും ഏറ്റവും ഉയർന്ന തുക ക്വാട്ട് ചെയ്യുന്ന വ്യക്തിക്ക് ലേലം ഉറപ്പിക്കുന്നതുമാണ്.

ലേലം ഉറപ്പിച്ച് കഴഞ്ഞാലുടൻ ലേലസംഖ്യയുടെ പകുതി തുക ലേലം കൊണ്ടയാൾ അടയ്ക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 10 ദിവസത്തിനകം 18% GST ഉൾപ്പെടെ ബാക്കി തുക കൂടി അടച്ച് സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ടി ലേല വസ്തുക്കൾ കൊണ്ടുപോകേണ്ടതാണ്.

ഏതെങ്കിലും കാരണത്താൽ ലേലം സ്ഥിരപ്പെടുത്തിക്കിട്ടുമ്പോൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിൽ മുതൽക്കൂട്ടുന്നതും ടി വസ്തുക്കൾ പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും കൂടുതലായി കിട്ടുന്ന തുകയ്ക്ക് മുൻ ലേലക്കാരൻ അവകാശി അല്ലാത്തതുമാണ്. മേൽ പരാമർശിച്ച വസ്തുക്കൾ പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് അസിസ്റ്റന്റ് മാനേജരുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കാവുന്നതാണ്.

എന്തെങ്കിലും കാരണവശാൽ ലേലം നടക്കുന്ന ദിവസം അവധിയായാൽ തൊട്ടടുത്ത പ്രവൃത്തിദിവസം ലേല നടപടികൾ നടത്തുന്നതാണ്. ലേലം മുന്നറിയിപ്പില്ലാതെ മാറ്റി വയ്ക്കുന്നതിനോ, റദ്ദ് ചെയ്യുന്നതിനോ നിയമസഭാ സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ലേലം സംബന്ധിച്ച് എന്തെങ്കിലും തർക്കം ഉണ്ടാകുന്ന പക്ഷം നിയമസഭാ സെക്രട്ടറിയുടെ തീരുമാനം അന്തിമമായിരിക്കും.

അബ്ദുൽ ലത്തീഫ്.എം.
അണ്ടർ സെക്രട്ടറി (ഹ.ഗ്രേ),
നിയമസഭാ ഹോസ്റ്റൽ,
സെക്രട്ടറിക്കുവേണ്ടി.
0471 2512206